**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5257** **21-07-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ പോളിടെക്നിക്കുകളിലെ പ്രിൻസിപ്പാൾ, എച്ച്.ഒ.ഡി. പ്രൊമോഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ പോളിടെക്നിക്കുകളിൽ 01.03.2019-ന് ശേഷം പ്രിൻസിപ്പാൾ, എച്ച്.ഒ.ഡി. പ്രൊമോഷനുകൾ നടക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, |
| (ബി) | പ്രസ്തുത പ്രൊമോഷനുകൾ നൽകുവാൻ കഴിയാത്തത്തിനുള്ള കാരണം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | 01.03.2019 ൽ നിലവിൽ വന്ന എ.എെ.സി.ടി.ഇ. റെഗുലേഷൻ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ വരുന്ന പോളിടെക്നിക്കുകളിൽ എ.എെ.സി.ടി.ഇ 7th സി.പി.സി. നടപ്പിലാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷം മാത്രമേ 01.03.2019 നു ശേഷം പ്രിൻസിപ്പൽ എച്ച്,ഒാ.ഡി തസ്തികയിലെ ഒഴിവുകൾ നികത്തുവാൻ സാധ്യമായിരുന്നുള്ളൂ. നിലവിൽ 10.06.2022 ലെ സ.ഉ.(കൈ) 291/2022/ഉ.വി.വ ഉത്തരവ് പ്രകാരം എ.എെ.സി.ടി.ഇ റെഗുലേഷൻസ് 2019 നിഷ്കർഷിച്ചിരിക്കുന്ന യോഗ്യത , സേവന വ്യവസ്ഥകൾ, CAS Placement എന്നിവ പോളിടെക്നിക്ക് കോളേജുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൻെറ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ എച്ച്.ഒാ.ഡി പ്രമോഷനുകൾ കാലതാമസമില്ലാതെ നടത്തുവാൻ സാധിക്കുന്നതാണ്. |
| (സി) | കോതമംഗലം നിയോജക മണ്ഡലത്തിലെ ഏക സർക്കാർ പോളിടെക്നിക്ക് ആയ ചേലാട് ഗവൺമെന്റ് പോളിടെക്നിക്കിൽ വർഷങ്ങളായി പ്രിൻസിപ്പാൾ, എച്ച്.ഒ.ഡി. പ്രൊമോഷനുകൾ നടക്കുന്നില്ലെന്നും, അവിടെ വർഷങ്ങളായി പ്രിൻസിപ്പാൾ-ഇൻ-ചാർജ്ജ് ആണ് ഉള്ളതെന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | 2023-ൽ എല്ലാ പോളിടെക്നിക്കുകളും എൻ.ബി.എ അക്രഡിറ്റേഷൻ നേടണം എന്ന നിർദ്ദേശം | (ഡി) | പോളിടെക്നിക്കുകളിൽ NBA അക്ഡിറ്റേഷന് അപേക്ഷിക്കുമ്പോൾ , പ്രിൻസിപ്പാൾ, എച്ച്. |

| | | | |
|---|---|---|---|
| | നിലനിൽക്കെ പ്രിൻസിപ്പൽ, എച്ച്.ഒ.ഡി തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന ചേലാട് പോളിടെക്നിക്ക് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് അക്രഡിറ്റേഷൻ നേടുന്ന കാര്യത്തിൽ പ്രയാസം നേരിടുമെന്ന വസ്തുത സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | | ഒ.ാ.ഡി. സ്ഥിരം തസ്തികകൾ ഉണ്ടായിരിക്കേണ്ടതും , പ്രസ്തുത തസ്തികകളിൽ ഡ്യൂട്ടി നിർവഹിക്കുന്ന ഉദ്യോഗസ്ഥർ ഉണ്ടായിരിക്കേണ്ടതുമാണ്. പ്രിൻസിപ്പാൾ തസ്തിക ഒഴികെ ഒഴിവുള്ള തസ്തികകളിൽ താല്കാലിക നിയമനം നടത്തി സ്ഥാപനങ്ങളുടെ പ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | പ്രിൻസിപ്പൽ, എച്ച്.ഒ.ഡി. പ്രൊമോഷനുകൾ നടക്കാത്തത് മൂലം 7-ാം ശമ്പളപരിഷ്കരണ കമ്മീഷന്റെ ശമ്പളപരിഷ്കരണ ആനുകൂല്യം പ്രസ്തുത കോളേജിലെ അദ്ധ്യാപകർക്ക് ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (എഫ്) | ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ 10.06.2022-ലെ 291/2022 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, ആറാം ശമ്പള കമ്മീഷൻ വ്യവസ്ഥകൾ 3 വർഷത്തേക്ക് കൂടി തുടരുവാൻ അനുവാദം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എഫ്) | സർക്കാർ ഉത്തരവ് സ.ഉ(കൈ) നം. 291/2022/ ഉ.വി.വ തീയതി 10.06.2022 ലെ clause 3(c) പ്രകാരം 01.03.2019 ന ശേഷം സ്ഥാനക്കയറ്റത്തിന് അർഹരായവർ അധിക യോഗ്യത വ്യവസായിക പരിശീലനം , പെഡഗോഗിക്കൽ പരിശീലനം , ഫാക്കൽറ്റി ഇൻഡക്ഷൻ പ്രോഗ്രാം , ഗവേഷണ പ്രബന്ധം പ്രസിദ്ധീകരിക്കൽ തുടങ്ങിയ ആവശ്യമായ വ്യവസ്ഥകൾ പാലിക്കുന്നതിന് 16.02.2021 മുതൽ മൂന്ന് വർഷത്തേക്ക് സമയാനുകൂല്യവും, Clause 11 പ്രകാരം നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ച CAS Placement / Promotion അർഹത നേടുന്ന അദ്ധ്യാപകർക്ക് ഒ.ാപ്റ്റ് ചെയ്യാനുള്ള അവസരവും നല്കാൻ ഉത്തരവായിട്ടുണ്ട്. |
| (ജി) | സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച്, ചേലാട് ഗവൺമെന്റ് പോളിടെക്നിക്ക് ഉൾപ്പെടെയുള്ള സർക്കാർ പോളിടെക്നിക്കുകളിൽ അടിയന്തരമായി പ്രിൻസിപ്പാൾ, എച്ച്.ഒ.ഡി. പ്രൊമോഷനുകൾ നടത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (ജി) | 10.06.2022 ലെ സർക്കാർ ഉത്തരവിൻെറ അടിസ്ഥാനത്തിൽ 01.03.2019 ന് ശേഷം ഉണ്ടായ പ്രിൻസിപ്പാൾ,എച്ച്.ഒ.ാ.ഡി. തസ്തികകളിലെ ഒഴിവുകളിലേയ്ക്ക് പ്രമോഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ